പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5650

18/11/2019 ൽ മറുപടി നല്കേണ്ടത്.

# മാനസികാരോഗ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) വിദ്യാർത്ഥികളുടേയും യുവാക്കളു ടേയും മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | എ) സ്കൂൾ തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനായി ടീച്ചർമാർ, സ്കൂൾ കൗൺസിലർമാർ, സ്കൂൾ ഹെൽത്ത് നഴ്സുമാർ എന്നിവർക്ക് മാനസികാരോഗ്യപരിശീലനം നൽകിവരുന്നു. ജില്ലാ മാനസിക ആരോഗ്യ പരിപാടി മുഖേന സംസ്ഥാനത്ത് 272 മാനസികാരോഗ്യക്ലിനിക്കുകൾ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്നു. കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം , ആത്മഹത്യാ പ്രവണത എന്നീ പ്രയാസങ്ങൾ പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ 'സ്കൂൾ മാനസികാരോഗ്യപദ്ധതി'യും, മാനസികപ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യകേന്ദ്രത്തിൽ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാകുന്നതിനായി 'സമ്പൂർണ്ണ മാനസികാരോഗ്യപദ്ധതി'യും വിഷാദ രോഗമുള്ളവരെ കണ്ടെത്താനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം, വിഷാദ രോഗ നിർണ്ണയം ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം, ജില്ലാ മാനസികാരോഗ്യ പരിപാടിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനം എന്നിവ നൽകുന്നതിനായി 'ആശ്വാസം' പദ്ധതിയും സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവ വഴി സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി 'ആത്മഹത്യാ പ്രതിരോധ പദ്ധതി'യും 24 x 7 ടെലഫോൺ |

കൗൺസിലിംഗ് സേവനം നൽകുന്ന 'ദിശ' എന്ന പദ്ധതിയും പ്രവർത്തിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരോഗ്യവകുപ്പ് നടപ്പാക്കുന്ന 'വിമുക്തി' പദ്ധതിയുടെ ഭാഗമായിഎല്ലാ ജില്ലകളിലും ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. സൈക്യാട്രിസ്റ്റ് , പരിശീലനം ലഭിച്ച മെഡിക്കൽ ഓഫീസർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്. സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സുമാർ, സെക്യൂരിറ്റി സ്റ്റാഫ്, അറ്റൻഡർമാർ എന്നിവരെ ഈ പദ്ധതിയിൽ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ